LIBRARY ARCHIVES Kerala Legislative Assembly

3. പരിശീലനം ലഭിച്ച തൊഴിലന്വേഷകർക്ക് തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് തൊഴിൽ ലഭ്യമാക്കുവാൻ സഹായിക്കുക. 4. താമസസ്ഥലത്തു നിന്നും (വർക്ക് നിയർ ഹോം/ വർക്ക് ഫ്രം ഹോം) ജോലിയിൽ ഏർപ്പെടുന്ന വിജ്ഞാന തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ സംവിധാനവും അടിസ്ഥാന സൗകര്യവും സജ്ജമാക്കുക. മേൽ ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് വിശദമായ സ്ട്രാറ്റജിക് പേപ്പർ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. തൊഴിലന്വേഷകർക്കും അഭ്യസ്തവിദ്യർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ നടത്തുവാൻ DWMS (ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം) എന്ന ഡിജിറ്റൽ പോർട്ടൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടുകൂടി രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം 09-2-2021-ന് ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. 23-7-2021 തീയതിവരെ ആകെ 34719 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 44 പ്രവാസികളും പ്രസ്തുത പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ 23-7-2021 വരെ 168 പേർക്ക് ജോലി നൽകുവാനും സാധിച്ചിട്ടുണ്ട്. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ നിന്നും പാവപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കുന്നതിനുവേണ്ടി പ്രത്യേകമായ കർമ്മ പരിപാടികൾ കെ-ഡിസ്കിന്റെ സ്ട്രാറ്റജിക് പേപ്പറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിജ്ഞാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ് തുടങ്ങിയ ആനുകൂല്യങ്ങളോടൊപ്പം വർക്ക് നിയർ ഹോം/ വർക്ക് ഫ്രം ഹോം സൗകര്യങ്ങൾക്കായി കുറഞ്ഞ പലിശ നിരക്കിൽ ഉപകരണങ്ങൾ, വർക്ക് സ്റ്റേഷൻ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുക എന്നതിനും കെ-ഡിസ്ക് കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽനിന്നും പുറന്തള്ളപ്പെടുന്നവരെ ശാക്തീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് 'പ്ലാറ്റ് ഫോം കോ-ഓപ്പറേറ്റീവ്' എന്ന നൂതനമായ ആശയം കൂടി സ്ട്രാറ്റജിക് പേപ്പറിൽ മുന്നോട്ടുവച്ചിട്ടുണ്ട്. 4000 കോ-ഓപ്പറേറ്റീവ് പ്ലാറ്റ് ഫോം രൂപീകരിക്കാനാണ് കെ-ഡിസ്ക് ഉദ്ദേശിക്കുന്നത്.

ക്ഷേമ പെൻഷൻ

59(3490) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ സർക്കാർ നിർദ്ദേശപ്രകാരം യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ അവരുടെ പെൻഷൻ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് മസ്റ്ററിംഗ് നടത്തി പെൻഷൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി ഈ ഓണക്കാലത്തിന് മുമ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ചിട്ടുള്ളവർക്കാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. കോവിഡ് വ്യാപനം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ മസ്റ്ററിംഗ് നടത്തുവാൻ കഴിയില്ല. മഹാമാരിക്ക് ശമനമുണ്ടാകുമ്പോൾ മസ്റ്ററിംഗ് നടത്താത്തവർക്ക് അതിനായി ഒരവസരം കൂടി നൽകുന്നതും അപ്രകാരം മസ്റ്റർ ചെയ്തവർക്ക് മുടങ്ങിക്കിടക്കുന്ന പെൻഷൻ പുനഃസ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

(ബി) യഥാസമയം മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ തുക തടയപ്പെട്ട ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനുശേഷം പെൻഷൻ തുക ലഭിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും മസ്റ്ററിംഗിന് മുമ്പ് തടഞ്ഞുവച്ച പെൻഷൻ കുടിശ്ശിക ഈ ഓണക്കാലത്തിന് മുമ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിച്ച് തീരുമാനമെടുക്കുന്നതായിരിക്കും.

(സി) ഇങ്ങനെ പെൻഷൻ കുടിശ്ശികയുള്ള എത്ര ഗുണഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

മസ്റ്ററിംഗ് പൂർത്തിയാക്കാതിരുന്നതിനാൽ പെൻഷൻ കുടിശ്ശികയുള്ള 1,41,852 ഗുണഭോക്താക്കളാണുള്ളത്.

ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന

60(3491) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരളയിലെ പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധന ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റീബിൽഡ് കേരളയിൽ ഉൾപ്പെട്ടിരിക്കുന്ന പദ്ധതികൾക്ക് പുറപ്പെടുവിച്ചിരിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ആവശ്യകത പരിശോധിച്ചാണ് വിവിധ പ്രവർത്തനങ്ങൾക്ക് ധനകാര്യ വകുപ്പ് ഫണ്ട് അനുവദിച്ചു വരുന്നത്. പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നതേയുള്ളൂ. പദ്ധതി നിർവ്വഹണത്തിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ സാങ്കേതിക പരിശോധനയ്ക്ക് ചീഫ് ടെക്നിക്കൽ എക്സാമിനർ, മറ്റ് പരിശോധനകൾക്ക് ധന (ഇൻസ്പെക്ഷൻ) വിഭാഗം തുടങ്ങിയ സംവിധാനങ്ങൾ ധനകാര്യ വകുപ്പിന് കീഴിൽ നിലവിലുണ്ട്. ആവശ്യമാകുന്നപക്ഷം പ്രസ്തുത സംവിധാനങ്ങൾ വഴി പരിശോധന നടത്താൻ കഴിയുന്നതാണ്.